# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2002 — 06.02.2019 ൽ മറുപടിക്ക്

## കുട്ടികളെ തട്ടിക്കൊണ്ടുപോയ കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികളെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് 2018- ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ലതിരിച്ച് അറിയിക്കാമോ;<br><br>(ബി) പ്രസ്തുത കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) & (ബി) സംസ്ഥാനത്ത് ആകെ 193 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) തട്ടിക്കൊണ്ടുപോകുന്ന മാഫിയകളിൽ നിന്നും കുട്ടികളെ രക്ഷിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ച മുൻകരുതൽ മാർഗ്ഗങ്ങൾ വിശദമാക്കാമോ; | (സി) ഇത്തരം മാഫിയകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ എസ്.പി.സി, എസ്.പി.ജി, റസിഡന്റ്സ് അസോസിയേഷനുകൾ, ജനമൈത്രി തുടങ്ങിയവ വഴി കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നുണ്ട്. കൂടാതെ സ്കൂളുകൾ, കോളേജുകൾ, റയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റോപ്പുകൾ എന്നിവിടങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ പിങ്ക് പോലീസും കാര്യമായ ശ്രദ്ധ ചെലുത്തി വരുന്നുണ്ട്.<br>എല്ലാ പോലീസ് ജില്ലകളിലും ജില്ലാ ക്രൈം ബ്രാഞ്ച് പോലീസ് അസ്സി.കമ്മീഷണർ/ ഡി.വൈ.എസ്.പി നോഡൽ ഓഫീസറായി ജില്ലാ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. സ്കൂളുകളിലും, കോളേജുകളിലും കുട്ടികളെ കാണാതാകുന്നതിനോടനുബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിലേക്ക് അടിയന്തരമായ നടപടികൾ |

കൈക്കൊള്ളുന്നതിന് അധ്യാപകരും, വിദ്യാർത്ഥികളും, രക്ഷകർത്താക്കളും അംഗങ്ങളായിട്ടുള്ള ആന്റി ഹ്യമൻ ട്രാഫിക്കിംഗ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളതും ഓരോ മാസവും സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുന്ന കേസുകൾ, ആന്റി ഹ്യമൻ ട്രാഫിക്കിംഗ് ക്ലബ്ബുകളിൽ നിന്ന് കിട്ടുന്ന വിവരങ്ങൾ എന്നിവ പരിശോധിക്കുന്നതിലേക്കായി മീറ്റിംഗുകൾ സംഘടിപ്പിച്ച് വരുന്നു.

ഇതു കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് വെൽഫയർ (CWPO) ഓഫീസർമാരെ നിയമിച്ചിട്ടുള്ളതും, ഡി.സി.ആർ.ബി ഡി.വൈ.എസ്.പി/ എ.സി.പി നോഡൽ ഓഫീസർമാരായി എല്ലാ പോലീസ് ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകളും പ്രവർത്തിച്ച് വരുന്നു.

(ഡി) 2018 ൽ രജിസ്റ്റർ ചെയ്ത ഇത്തരം കേസ്സുകളിൽ കുട്ടികളെ കണ്ടെത്താൻ കഴിയാത്ത കേസ്സുകളുടെ വിവരം ജില്ല തിരിച്ച് വിശദമാക്കാമോ?

(ഡി) 2018 ൽ രജിസ്റ്റർ ചെയ്ത ഒരു കേസിൽ കുട്ടിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| District | P.S | Cr.No | Sec.of Law | Details of Victim | Age of Victim | Present stage |
|---|---|---|---|---|---|---|
| Alappuzha | North P.S | 2190/18 | 363,365 IPC | Parvathy, D/O Kishore, Beena Cottage, Sanathanam Ward, Alappuzha | 17 | UI |

സെക്ഷൻ ഓഫീസർ

അനുബന്ധം

(എ)&(ബി)

| Sl.No | Districts | കേസുകളുടെ എണ്ണം | ഉൾപ്പെട്ട പ്രതികളുടെ എണ്ണം | അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം |
|---|---|---|---|---|
| 1 | Trivandrum City | 6 | 11 | 7 |
| 2 | Trivandrum Rural | 13 | 13 | 13 |
| 3 | Kollam City | 3 | 3 | 3 |
| 4 | Kollam Rural | 14 | 16 | 14 |
| 5 | Pathanamthitta | 3 | 8 | 8 |
| 6 | Alappuzha | 17 | 17 | 16 |
| 7 | Kottayam | 11 | 12 | 12 |
| 8 | Idukki | 8 | 8 | 8 |
| 9 | Ernakulam City | 8 | 10 | 10 |
| 10 | Ernakulam Rural | 15 | 27 | 24 |
| 11 | Thrissur city | 6 | 6 | 6 |
| 12 | Thrissur Rural | 3 | 4 | 4 |
| 13 | Palakkad | 16 | 16 | 14 |
| 14 | Malappuram | 12 | 16 | 13 |
| 15 | Kozhikode City | 18 | 19 | 7 |
| 16 | Kozhikode Rural | 15 | 17 | 15 |
| 17 | Wayanad | 11 | 10 | 10 |
| 18 | Kannur | 9 | 9 | 9 |
| 19 | Kasaragod | 4 | 4 | 3 |
| 20 | Railways | 1 | 1 | 1 |
| | TOTAL | 193 | 227 | 197 |

[signature]
സെക്ഷൻ ഓഫീസർ